പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3278** **19.06.2018-ൽ മറുപടിയ്ക്ക്**

**യൂണിഫൈഡ് മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | യൂണിഫൈഡ് മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; ഈ അതോറിറ്റി രൂപീകരിക്കുന്നത് എന്ത് ഉദ്ദേശ്യത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | യൂണിഫൈഡ് മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (യുഎംടിഎ) രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട, 2018-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ നിയമസഭയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്.<br>കേരള സംസ്ഥാനത്തെ നഗരഗതാഗതത്തിന്റെ ആസൂത്രണം, മേൽനോട്ടം, ഏകോപനം, വികസനം, നിയന്ത്രണം എന്നിവയ്ക്കും നഗര ഗതാഗത അനുബന്ധ സേവനങ്ങൾക്കും വേണ്ടിയാണ് മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റികൾ രൂപീകരിക്കുന്നത്. നഗരഗതാഗതം സുഗമവും, സുരക്ഷിതവും ആക്കുന്നതിനും പൊതുഗതാഗത സംവിധാനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ പരസ്പര പൂരകവുമാകും വിധം പ്രവർത്തിക്കുന്നതിനും അതോറിറ്റി രൂപീകരണത്തിലൂടെ ലക്ഷ്യമിടുന്നു. |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും ധനസഹായം ലഭ്യമാണോ; വിശദമാക്കുമോ? | (ബി) | കേന്ദ്ര സർക്കാരിന്റെ 2017-ലെ മെട്രോ റെയിൽ പോളിസിയിൽ മെട്രോ പദ്ധതികൾ നടപ്പാക്കുന്ന നഗരങ്ങളിൽ യൂണിഫൈഡ് മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (UMTA) അടിയന്തിരമായി രൂപീകരിക്കണമെന്ന് നിഷ്കർഷിക്കുന്നു. ഇതിന് കേന്ദ്രസർക്കാരിൽ നിന്നും നിലവിൽ ധനസഹായം ലഭ്യമല്ല. എന്നാൽ മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി നിലവിൽ വന്നാൽ കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികളിൽ നിന്നും ധനസഹായം ലഭ്യമാകുന്നതിനുള്ള സാദ്ധ്യതകൾ ഉണ്ട്. |

സെക്ഷൻ ഓഫീസർ